നായ ഈ ഗ്രാമീണ സിഖ്കാരന്റെമേൽ കനത്ത സമ്മർദങ്ങൾ ചെലുത്തപ്പെട്ടിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. രാഷ്ട്രത്തിന്റെ ഭാഗ്യംകൊണ്ടാണ് ഈ സമ്മർദങ്ങളെ ജ്ഞാനി സെയ്ൽസിംഗ് അതിജീവിച്ചത്.

ഇന്ത്യയുടെ രാഷ്ട്രപതി (പ്രസിഡണ്ട്) ആയി സ്ഥാനം ഏറ്റെടുക്കുന്ന ഒരാൾ മൂന്നു കർത്തവ്യങ്ങൾ നിർവഹിക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.

1. ഇന്ത്യയുടെ പ്രസിഡണ്ട് എന്ന ജോലി വിശ്വസ്തതയോടെ താൻ നിർവഹിക്കും.

2. തന്റെ കഴിവനുസരിച്ച് ഇന്ത്യയുടെ ഭരണഘടനയേയും ഇവിടത്തെ നിയമത്തെയും നിലനിർത്തുകയും സംരക്ഷിക്കുകയും എതിർക്കപ്പെടാതെ നോക്കുകയും ചെയ്യും.

3. ഇന്ത്യയിലെ ജനങ്ങളുടെ നന്മയ്ക്കും സേവനത്തിനുമായി തന്നത്താൻ സമർപ്പിക്കും.

രാഷ്ട്രപതി ജ്ഞാനി സെയ്ൽസിംഗ് ഈ മൂന്നു കർത്തവ്യങ്ങളും ഈ പ്രതിസന്ധിഘട്ടത്തിൽ പ്രശംസാർഹമാംവിധം നിറവേററിയിരിക്കുന്നു. പഞ്ചാബ് പ്രക്ഷോഭണം സംബന്ധിച്ച് താൻ കൈക്കൊണ്ട നിലപാടിലൂടെയും, അനുരഞ്ജനത്തിന്റെ മാർഗം തുറന്നു കിട്ടുന്നതിനായി സ്വമേധയാ താൻ സ്വീകരിച്ച നടപടികളിലൂടെയും, അദ്ദേഹം ഇന്ത്യൻ രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും നൽകിയ സംഭാവന വിലമതിക്കാനാവാത്തതത്രേ.

സാധാരണക്കാരിൽ സാധാരണനായ ഈ രാഷ്ട്രപതിയോട് ഓരോ ഭാരതീയനും കൃതജ്ഞനാകേണ്ടതാണ്.

(11 ഒക്ടോബർ, 1984)

# 25. ആനന്ദ്പുർ സാഹിബ് പ്രമേയം

കെട്ടുപിണഞ്ഞുകിടക്കുന്ന സിഖ് പ്രശ്നത്തിനു ജനാധിപത്യപരമായ ഒരു പരിഹാരം കണ്ടെത്തുവാൻ പ്രധാനമന്ത്രി ശ്രീ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യാഗവണ്മെൻറ് ശ്രമം ആരംഭിച്ചിരിക്കുകയാണ്.

സിഖ്കാരുടെ മുഴുവൻ പ്രാതിനിധ്യം അവകാശപ്പെടുന്ന ഒരു മത–രാഷ്ട്രീയസംഘടനയാണ് ശിരോമണി അകാലിദൾ. അകാലിദളിന്റെ പ്രവർത്തകസമിതി പഞ്ചാബിൽ നംഗലിനടുത്തുള്ള പ്രസിദ്ധമായ 'ആനന്ദ്പുർ സാഹിബ്' എന്ന ഗുരുദ്വാരയിൽ 1973 ഒക്ടോബറിൽ സമ്മേളിച്ച്, സിഖ്കാർ ഇന്ത്യൻ യൂണിയനിൽനിന്നു വിട്ട സ്വതന്ത്രമായ ഒരു രാഷ്ട്രം സ്ഥാപിക്കണമെന്ന അർത്ഥം വരുന്ന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. 'ആനന്ദ്പുർ സാഹിബ് പ്രമേയം' എന്ന പേരിൽ അറിയപ്പെടുന്ന ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിലല്ലാതെ കേന്ദ്രഗവണ്മെൻറുമായി യാതൊരു രാഷ്ട്രീയചർച്ചകൾക്കും തങ്ങൾ തയ്യാറല്ലെന്നതാണ് ഇന്നോളം അകാലിദൾ നേതാക്കളുടെ ഉറച്ച നിലപാട്. അതേസമയം, 'ആനന്ദ്പുർ സാഹിബ് പ്രമേയം' തങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു എന്നു പരസ്യമായി പ്രഖ്യാപിക്കുംവരെ അകാലിദൾനേതാക്കളുമായി ഒരു കൂടിയാലോചനയ്ക്കും ഇന്ത്യാഗവണ്മെൻറ് തയ്യാറല്ല എന്ന നിലപാടിൽ ഇന്ത്യാഗവണ്മെൻറും ഉറച്ചുനിൽക്കുന്നു.

അകാലിദളിന്റെയും ഇന്ത്യാഗവണ്മെന്റിന്റെയും പരസ്പരവിരുദ്ധ, മായ ഈ നിലപാടാണ് സിഖ്പ്രശ്നം പരിഹരിക്കുന്നതിനുള്ള ചർച്ച കഠം ആരംഭിക്കുന്നതിൽ ഇന്നുള്ള മുഖ്യ തടസ്സം.

ഈ പശ്ചാത്തലത്തിൽ, 'ആനന്ദ്പൂർ സാഹിബ് പ്രമേയം' എന്ന കീറാമുട്ടിയെപ്പററി വ്യക്തമായ ധാരണ ഇന്ത്യയിലെ പൗരന്മാർക്കിടയിൽ ഉണ്ടാവേണ്ടിയിരിക്കുന്നു.

പക്ഷേ, വ്യക്തമായ ധാരണ വളർത്താൻ സഹായിക്കത്തക്കവിധത്തിൽ അവ്യക്തമാണ് 'ആനന്ദ്പൂർ സാഹിബ്'പ്രമേയ'ത്തിലെ ഭാഷാപ്രയോഗം. പിൽക്കാലത്തു് എങ്ങനെയും വ്യാഖ്യാനിക്കാൻ പററുമാറാണു കൗശലപൂർവമായ ആ പ്രമേയത്തിന്റെ രചന. ഈ പ്രമേയത്തിലെ മുഖ്യഭാഗത്തിന്റെ വിവർത്തനം താഴെ ചേർക്കുന്നു.

## അടിസ്ഥാന സിദ്ധാന്തങ്ങഠം

1. സിഖ്രാഷ്ട്രത്തിന്റെ ആശകളും പ്രതീക്ഷകളും ഉടലെടുത്തതാണ് ശിരോമണി അകാലിദഠം. അതിനാൽ സിഖ്സമൂഹത്തെ പ്രതിനിധാനംചെയ്യാൻ അകാലിദളിനു പൂർണാധികാരമുണ്ട്. മനുഷ്യരുടെ സഹവർത്തിത്വത്തിലും, പുരോഗതിയിലും, പരമാത്മാവിൽ എല്ലാ മനുഷ്യരുടെയും ഐക്യത്തിലും അകാലിദഠം വിശ്വസിക്കുന്നു.

2. നാമജപം, തൊഴിലിന്റെ അന്തസ്സ്, അദ്ധ്വാനഫലം പങ്കിടൽ എന്ന ഗുരുനാനക്ദേവന്റെ മൂന്നു മഹാസിദ്ധാന്തങ്ങളാണു മുൻപറഞ്ഞ വിശ്വാസത്തിനു് ആധാരം.

## ലക്ഷ്യങ്ങഠം

താഴെ പറയുന്ന ലക്ഷ്യങ്ങഠം നേടുന്നതിനായി ശിരോമണി അകാലിദഠം നിരന്തരം പ്രയത്നിക്കുന്നതാണ്:

1. സിഖുമതവും അതിന്റെ ആചാരസംഹിതയും പ്രചരിപ്പിക്കുക; നാസ്തികമതത്തെ നിരാകരിക്കുക.

2. സിഖ്പന്ഥിന്റെ (സിഖ്മാർഗത്തിന്റെ, സിഖ്മത സംഘടനയുടെ)വ്യതിരിക്തവും സ്വതന്ത്രവുമായ വ്യക്തിത്വത്തെ സംരക്ഷിക്കുകയും സജീവമാക്കി നിലനിർത്തുകയുംചെയ്യുക; സിഖ്പന്ഥിന്റെ ദേശീയ വികാരങ്ങഠംക്കും അഭിലാഷങ്ങഠംക്കും പൂർണമായ ആവിഷ്കരണവും തൃപ്തിയും വളർച്ചയും ലഭിക്കുന്നതിനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കുക.

3. ഉൽപാദനം വർദ്ധിപ്പിച്ചും സമ്പത്തു കൂടുതൽ നീതിനിഷ്ഠമായി വിതരണംചെയ്തും ചൂഷണരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിച്ചും ദാരിദ്ര്യവും പട്ടിണിയും അകററുക.

4. സിഖ്മതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളുമായി പൊരുത്തപ്പെടുമാറു ജാതി, മതം, നിരക്ഷരത്വം എന്നിവകൊണ്ടുണ്ടായ അസമത്വം ഒഴിവാക്കുക.

5. രോഗങ്ങളും അനാരോഗ്യവും പരിഹരിക്കുക; ലഹരിദ്രവ്യങ്ങളുടെ ഉപയോഗത്തെ ആക്ഷേപിക്കുക; രാഷ്ട്രരക്ഷയ്ക്കുള്ള ആവേശം (സിഖ്) രാഷ്ട്രത്തിൽ ഉളവാക്കുമാറു് ശാരീരിക സൗഖ്യത്തിനാവശ്യമായ സൗകര്യങ്ങഠം വികസിപ്പിക്കുക.

## മതബോധം വളർത്തുവാൻ

സിഖ്കാർക്കിടയിൽ മതാവേശവും തങ്ങളുടെ സമ്പന്നമായ മതപൈതൃകത്തെപ്പററി അഭിമാനവും വളർത്തുകയാണ് ശിരോമണി അകാലിദളിൻെറ പ്രാഥമിക കടമ. ഇതിനായി ദൾ താഴെ ചേർക്കുന്ന പരിപാടി നടപ്പിൽ വരുത്തുന്നതാണ്:

(എ) ഈശ്വരൻെറ ഏകത്വം, ഈശ്വരനാമധ്യാനം, ഗുരുവാണീപാരായണം, പത്തു സിഖ്—ഗുരുക്കന്മാരിലും വിശുദ്ധ ഗുരുഗ്രന്ഥത്തിലും വിശ്വാസനവീകരണം എന്നീ സങ്കല്പനങ്ങൾ ആവർത്തിച്ചുറപ്പിക്കുക; ഈ ഉദ്ദേശ്യം നിറവേററുവാൻ ഉചിതമായ മററു നടപടികൾ കൈക്കൊള്ളുക.

(ബി) സിഖ്മതവും, സിഖ്ദർശനവും, സിഖ്ആചാരങ്ങളിലും കീർത്തനം മുതലായവയിലും വിശ്വാസവും രാജ്യത്തിനകത്തും പുറത്തും, സ്കൂളുകളിലും കോളേജുകളിലും, ഗ്രാമങ്ങളിലും നഗരങ്ങളിലും, എല്ലാ സ്ഥലങ്ങളിലും, കൂടുതൽ ഫലപ്രദമായി പ്രചരിപ്പിക്കുന്നതിന് യോഗ്യത നേടിയ മതപ്രാസംഗികർ, രാഗികൾ (പാരായണക്കാർ), കവികൾ മുതലായവരെ സിഖ്മിഷണറി കോളേജിൽ പരിശീലിപ്പിക്കുക.

(സി) സ്കൂളുകൾക്കും കോളേജുകൾക്കും ഊന്നൽ നൽകികൊണ്ട് സിഖ്കാർക്ക് ജ്ഞാനസ്നാനം (അമൃതപ്രചാരം) നൽകുക; ഇതിനായി മുറയ്ക്ക് പഠനകേന്ദ്രങ്ങൾ നടത്തി അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ആവേശം വളർത്തുക.

(ഡി) ദശാംശം (സമ്പാദ്യത്തിൽ പത്തിലൊരംശം) സമൂഹക്ഷേമത്തിനായി ദാനംചെയ്യുകയെന്ന മതാചാരം സിഖ്കാർക്കിടയിൽ വീണ്ടും പ്രചരിപ്പിക്കുക.

(ഇ) സിഖ്കാരായ ബുദ്ധിജീവികൾ, എഴുത്തുകാർ, മതപ്രാസംഗികർ, ഗ്രന്ഥികൾ മുതലായവരോട് ആദരം ഉളവാക്കുക; സിഖ്സിദ്ധാന്തങ്ങൾക്കും പാരമ്പര്യങ്ങൾക്കും ഇണങ്ങുമാറ് തങ്ങളുടെ കഴിവുകൾ വളർത്താൻ ഇവർക്കു താല്പര്യം ജനിപ്പിക്കുക.

(എഫ്) ഗുരുദ്വാരകളിലെ ജീവനക്കാർക്ക് കൂടുതൽ നല്ല പരിശീലനം നൽകുന്നതുവഴി ഗുരുദ്വാരകളുടെ ഭരണം ഏകരൂപമാക്കുക. ഗുരുദ്വാര കെട്ടിടങ്ങളുടെ മരാമത്തിന് വ്യവസ്ഥ ചെയ്യുക. ഈ പരിശ്രമങ്ങൾക്കായി ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററി (നിയമപ്രകാരം പഞ്ചാബിൽ നിലവിലുള്ള ഗുരുദ്വാര ബോർഡ്), പ്രാദേശികക്കമ്മിററികൾ എന്നിവയ്ക്ക് അതാതു കാലത്തു നിർദ്ദേശങ്ങൾ നൽകുക.

(ജി) ഗുരുവാണി (വിശുദ്ധമതഗ്രന്ഥം) തെററു തീർത്തു പ്രസിദ്ധീകരിക്കുവാൻ ഉചിതമായ ഏർപ്പാടുണ്ടാക്കുക. സിഖ്കാരുടെ പ്രാചീന—ആധുനിക—ചരിത്രങ്ങളിൽ ഗവേഷണം നടത്താനും ഈ വിഷയം സംബന്ധിച്ച പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും വ്യവസ്ഥ ചെയ്യുക; ഗുരുവാണി മററു ഭാഷകളിൽ വിവർത്തനംചെയ്യുക. സിഖ്മതം സംബന്ധിച്ച് മികച്ച സാഹിത്യം നിർമിക്കുക.

(എച്ച്) ഇന്ത്യയിലൊട്ടാകെയുള്ള ഗുരുദ്വാരകളുടെ ഭരണം മെച്ചപ്പെടുത്തുന്നതിനും, ഉദാസികൾ, നിർമലർ മുതലായ പാരമ്പര്യ—മതപ്രചാരക വിഭാഗങ്ങളെ, ഈ മതവിഭാഗക്കാരുടെ മാങ്ങളുടെ സ്വത്തുകളിൽ കൈകടത്താതെ, സിഖ്മതത്തിൻെറ മുഖ്യധാരയിൽ പുനരുദ്ഗ്രഥിക്കുന്നതിനുമായി ഒരു അഖിലേന്ത്യാ ഗുരുദ്വാരനിയമം നടപ്പിൽ വരുത്താൻ ആവശ്യമായ നടപടികളെടുക്കുക.

(ഐ) ലോകത്തിലെങ്ങുമുള്ള സിഖ്ഗുരുദ്വാരകളെ സിഖ്മതത്തിന്റെ അടിസ്ഥാനതത്ത്വങ്ങളനുസരിച്ച് നടത്താനും, അവയിലുള്ള സാമ്പത്തിക വിഭവങ്ങരം കൂടുതൽ വ്യാപകമായി സിഖ്മതം പ്രചരിപ്പിക്കുവാനായി ഉപയോഗപ്പെടുത്താനും സാധിക്കമാറ് ഒരു ഏകീകൃതഭരണവ്യവസ്ഥയ്ക്കു കീഴിൽ കൊണ്ടുവരിക.

(ജെ) (പാകിസ്ഥാനിലെ) നാൻകാനാസാഹിബ് അടക്കമുള്ള വിശുദ്ധ ഗുരുദ്വാരകളിൽ സ്വതന്ത്രമായി തീർത്ഥാടനം നടത്തുന്നതിന് സിഖ്കാർക്ക് സൗകര്യമുണ്ടാക്കുക; സിഖ്പന്ഥിൽനിന്ന് ഒഴിച്ചുനിർത്തപ്പെട്ട ഈ ഗുരുദ്വാരകരം വേണ്ടവിധത്തിൽ സംരക്ഷിക്കാൻ ഏർപ്പാടു ചെയ്യുക.

പത്താമത്തെ ഗുരുവിന്റെ കല്പനകളിലും, സിഖ്ചരിത്രത്തിന്റെ ഏടുകളിലും ഖാൽസ പന്ഥിന്റെ (വിശുദ്ധസിഖ്ധർമത്തിന്റെ) ഹൃദയത്തിലും സിഖ് ജനതയുടെ രാഷ്ട്രീയ ലക്ഷ്യം സംശയമെന്യേ നിഹിതമായിരിക്കുന്നു. അവസാനലക്ഷ്യം ഖാൽസയുടെ (വിശുദ്ധ മതസംഘടനയുടെ) സർവപ്രാധാന്യംതന്നെ.

1. അനുഗുണമായ പരിതഃസ്ഥിതിയും രാഷ്ട്രീയ സംവിധാനവും സൃഷ്ടിക്കുന്നതിലൂടെ ഖാൽസയുടെ ഈ ജന്മാവകാശം സാക്ഷാത്ക്കരിക്കുവാൻ യത്നിക്കുക എന്നതാണ് ശിരോമണി അകാലിദളിന്റെ അടിസ്ഥാനനയം. ഈ ലക്ഷ്യം നേടുന്നതിനായി, ശിരോമണി അകാലിദരം എല്ലാ മാർഗങ്ങളിലൂടെയും താഴെ ചേർത്ത കാര്യങ്ങരംക്കായി പ്രവർത്തിക്കാൻ ഉറച്ചിരിക്കുന്നു.

(എ) (ഹരിയാനയിൽ) ഗുർദാസ്പൂർ ജില്ലയിലെ ഡൽഹൗസി, ചണ്ഡീഗഢ്, പിഞ്ജോർ—കാൽക, അംബാലാ ജില്ലയിലെ അംബാലാ സദർ മുതലായവ, ഹോശിയാർപൂർ ജില്ലയിലെ ഊന തഹ്സീൽ, കർണാൽ ജില്ലയിലെ നാലാഗഢിലെ 'ദേശ്' പ്രദേശം, ഷാഹാബാദ്, ഗുൽഹ എന്നീ ബ്ലോക്കുകരം, ഹിസാർ ജില്ലയിലെ തോഹന സബ്തഹ്സീൽ, രതിയ ബ്ലോക്ക്, സിർസതഹ്സീൽ, രാജസ്ഥാനിൽ ഗംഗാനഗർ ജില്ലയിലെ ആറു തഹ്സീലുകരം എന്നിങ്ങനെ, പഞ്ചാബിൽ നിന്നു മനഃപൂർവം അകററിനിർത്തപ്പെട്ടവയും പഞ്ചാബി ഭാഷ പ്രചരിക്കുന്നവയുമായ എല്ലാ ഭൂവിഭാഗങ്ങളും പഞ്ചാബിൽ ലയിപ്പിക്കുകയും, അങ്ങനെ സിഖ്കാരുടെയും സിഖ്മതത്തിന്റെയും താല്പര്യങ്ങരംക്കു പ്രത്യേക സംരക്ഷണം ലഭിക്കുന്ന ഒരു സിഖ്ഭരണ ഏകകം (സിഖ് അഡ്മിനിസ്ട്രേറിവ് യൂണിററ്) സ്ഥാപിക്കുകയും വേണം.

(ബി) ഈ 'പുതിയ പഞ്ചാബി'ലും മററു സ്റ്റേററുകളിലും രാജ്യരക്ഷ, വിദേശബന്ധങ്ങരം, നാണ്യം, പൊതുഗതാഗത—വാർത്താവിനിമയം എന്നീ കാര്യങ്ങളിൽ മാത്രമേ കേന്ദ്രഗവണ്മെൻറ് കൈകടത്താവൂ മററ് എല്ലാ ഭരണവകുപ്പുകളും പഞ്ചാബിന്റെ (അതാതു് സ്റ്റേററുകളുടെയും) അധികാരാതിർത്തിയിലായിരിക്കണം. പഞ്ചാബിനു് (മററു സ്റ്റേററുകരംക്കും) ഈ വിഷയങ്ങളിൽ ഭരണത്തിനായി സ്വന്തം നിയമങ്ങരം ഉണ്ടാക്കാൻ പൂർണാധികാരം ഉണ്ടായിരിക്കണം. കേന്ദ്രഭരണത്തിൻ കീഴിലുള്ള വകുപ്പുകരംക്കുവേണ്ടി, പഞ്ചാബും മററു സ്റ്റേററുകളും, കേന്ദ്രപാർലമെൻറിൽ അവയ്ക്കുള്ള പ്രാതിനിധ്യത്തിന്റെ അനുപാതത്തിൽ സംഭാവന നൽകണം.

(സി) പഞ്ചാബിനു പുറത്തു് ജീവിക്കുന്ന സിഖ്കാർക്കും മററു മതന്യൂനപക്ഷങ്ങരംക്കും, എല്ലാ തരത്തിലുമുള്ള വിവേചനങ്ങരംക്കും എതിരായി, പര്യാപ്തമായ സംരക്ഷണം നൽകണം.

2. കേന്ദ്രത്തിൽ എല്ലാ സ്റ്റേററുകരംക്കും തുല്യ പ്രാതിനിധ്യം ലഭിക്കുമാറ്, ഫെഡറൽ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യൻ ഭരണഘടന മാററിയെഴുതുവാൻ ശിരോമണി അകാലിദരം ശ്രമിക്കുന്നതാണ്,

3. കോൺഗ്രസ്പാർട്ടി രൂപംകൊടുത്ത ഇന്ത്യയുടെ വിദേശനയത്തെ ശിരോമണി അകാലിദരം ശക്തിപൂർവം നിരാകരിക്കുന്നു. ഈ നയം വിലകെട്ടതും ആശയററതും രാജ്യത്തിൻെറയും രാഷ്ട്രത്തിൻെറയും മനുഷ്യവർഗത്തിൻെറയും താല്പര്യങ്ങരംക്ക ഹാനികരവും ആകുന്നു. സമാധാനത്തിലും ദേശീയതാല്പര്യങ്ങളിലും അടിയുറച്ച ഒരു വിദേശനയത്തിനു മാത്രമേ ശിരോമണി അകാലിദരം പിൻതുണ നൽകുകയുള്ളു. എല്ലാ അയൽരാജ്യങ്ങളുമായി, പ്രത്യേകിച്ച് സിഖ്കാർ പാർക്കുന്നവയും അവരുടെ വിശുദ്ധ ഗുരുദ്വാരകരം നിലകൊള്ളുന്നവയുമായ അയൽരാജ്യങ്ങളുമായി, സമാധാനം പുലർത്തുന്ന ഒരു നയത്തിനുവേണ്ടി അകാലിദരം ശക്തിപൂർവം വാദിക്കുന്നു. മററൊരു രാജ്യത്തിൻെറ താളത്തിനു തുള്ളുന്നതാവരുത് നമ്മുടെ വിദേശനയം എന്നതാണ് അകാലിദളിൻെറ ദൃഢമായ അഭിപ്രായം.

## വിവേചനത്തിനെതിരെ

4. സിഖ്കാരോ മററു വിഭാഗങ്ങളിൽപ്പെട്ടവരോ ആയ ഉദ്യോഗസ്ഥർക്കെതിരെ കേന്ദ്രഗവണ്മെൻേറാ സ്റേററ്ഗവണ്മെൻറുകളോ കൈക്കൊള്ളുന്ന വിവേചനത്തെ അകാലിദരം ശക്തിപൂർവം എതിർക്കും. സൈന്യത്തിൻെറ എല്ലാ വിഭാഗങ്ങളിലും സിഖ്കാർ പരമ്പരയായി പുലർത്തിവരുന്ന പദവി നിലനിർത്താനും ശിരോമണി അകാലിദരം യത്നിക്കും. സിഖ് സൈനികരുടെ ആവശ്യങ്ങരംക്ക് പന്ഥ് (സിഖ്മത സംഘടന) പ്രത്യേക ശ്രദ്ധ നൽകും. സൈന്യത്തിലുള്ള സിഖ്കാരുടെ യൂനിഫോറത്തിൻെറ അവിഭാജ്യഭാഗമായി 'കൃപാണം' അംഗീകരിക്കപ്പെടുമെന്ന് അകാലിദരം ഉറപ്പുവരുത്തും.

5. സൈന്യത്തിൽനിന്നു പിരിഞ്ഞുവരുന്നവരെ സിവിൽ ജീവിതത്തിൽ പുനരധിവസിക്കുവാൻ സഹായിക്കുക ശിരോമണി അകാലിദളിൻെറ പ്രാഥമികകർത്തവ്യമായിരിക്കും. ആത്മാഭിമാനത്തോടെയും അന്തസ്സോടെയും ജീവിക്കുന്നതിനു പര്യാപ്തമായ സൗജന്യങ്ങളും ഉചിതമായ രക്ഷാവ്യവസ്ഥകളും നേടുവാനായി ഫലപ്രദമായി ശബ്ദം ഉയർത്തുവാൻ കഴിയുമാറ് സംഘടിക്കുവാൻ എല്ലാ സഹായവും വിമുക്തഭടന്മാർക്ക് അകാലിദരം നൽകും.

6 ഏതെങ്കിലും ക്രിമിനൽകുററത്തിനു കോടതി ശിക്ഷിക്കാത്ത എല്ലാ സ്ത്രീപുരുഷന്മാർക്കും റിവോരംവർ, പിസ്റ്റൽ, തോക്ക്, റൈഫിരം, കാർബൈൻ തുടങ്ങിയ എല്ലാത്തരം ചെറിയ ആയുധങ്ങളും ലൈസൻസ് കൂടാതെ, അവ രജിസ്റ്റർ ചെയ്യിരിക്കണമെന്ന ഒററ നിബന്ധനയിൽ കൈവശം വെക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നതാണ് ശിരോമണി അകാലിദളിൻെറ ഉറച്ച അഭിപ്രായം.

7. മദ്യവും മററു ലഹരി പദാർത്ഥങ്ങളും വില്ക്കുന്നതു് തടയുവാൻ ശിരോമണി അകാലിദരം പരിശ്രമിക്കും. പൊതുസ്ഥലങ്ങളിൽവെച്ച് ലഹരിപദാർത്ഥങ്ങളും പുകയിലയും ഉപയോഗിക്കുന്നതു് നിരോധിക്കുവാൻ അകാലിദരം നിർബന്ധിക്കും.

മതപരവും രാഷ്ട്രീയവുമായ, വലുതും ചെറുതുമായ പലതരം ആവശ്യങ്ങളുടെ ഒരു സങ്കരമാണ് 'ആനന്ദ്പൂർസാഹിബ് പ്രമേയ'മെന്ന് ഇത്രയുംകൊണ്ട് വ്യക്തമായിരിക്കും. 'സിഖ്കാരുടെയും സിഖ്മതത്തിൻെറയും താല്പര്യങ്ങരംക്ക് പ്രത്യേക സംരക്ഷണം ലഭിക്കുന്ന ഒരു സിഖ് ഭരണ ഏകകം' എന്നതിനു് 'സ്വതന്ത്ര ഖാലിസ്ഥാൻ' എന്നുവരെ

അർത്ഥം ഉണ്ടായിക്കൂടായ്കയില്ല. ഖാലിസ്ഥാൻ തീവ്രവാദികൾ ആ ശൈലിക്കു നൽകിയിട്ടുള്ള അർത്ഥം അതാണുതാനും.

അവ്യക്തമായ ഈ പ്രമേയത്തിന്റെ വ്യാഖ്യാനമെന്ന നിലയിൽ ഒരു പ്രമേയം 1978 ഒക്ടോബറിൽ ലുധിയാനയിൽ ചേർന്ന അഖിലേന്ത്യാ അകാലി കോൺഫറൻസ് പാസ്സാക്കുകയുണ്ടായി. 'ആനന്ദ്പൂർ സാഹിബ് പ്രമേയത്തിന്റെ വെളിച്ചത്തിൽ'. അംഗീകരിക്കപ്പെട്ട ലുധിയാന പ്രമേയം, ഫെഡറൽ തത്വത്തിന് അനുഗുണമായി ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുനർനിർവചിക്കാനാവശ്യപ്പെടുന്നു. അന്നു നിലവിലുണ്ടായിരുന്ന ജനതാഗവണ്മെന്റിനോടുള്ള ഒരഭ്യർത്ഥനയെന്ന നിലയിൽ പാസ്സാക്കപ്പെട്ട ഈ പ്രമേയം സ്വതന്ത്രമായ ഒരു ഖാലിസ്ഥാനുവേണ്ടി വാദിക്കുന്നില്ല. മറിച്ച് കേന്ദ്രഭരണപ്രദേശമായ ചണ്ഡീഗഢ് പഞ്ചാബിന് വിട്ടുകൊടുക്കുക, ഹരിയാനയിലും രാജസ്ഥാനിലുമുള്ള പഞ്ചാബിഭാഷാപ്രദേശങ്ങൾ ഗ്രാമ—അടിസ്ഥാനത്തിൽ വേർതിരിച്ച് പഞ്ചാബിൽ ചേർക്കുക, പഞ്ചാബ് അണക്കെട്ടുകളിലെ വെള്ളത്തിന്റെ നിയന്ത്രണം പഞ്ചാബ്ഗവണ്മെന്റിൽ നിക്ഷേപിക്കുക, രവി—ബ്യാസ് നദീജലത്തിലൊരു ഭാഗം ഹരിയാനയ്ക്കും രാജസ്ഥാനും കൊടുക്കുന്നതു സംബന്ധിച്ച് അടിയന്തിരാവസ്ഥക്കാലത്തുണ്ടാക്കിയ തീരുമാനം പുനഃപരിശോധിക്കുക, സൈന്യത്തിൽ സിഖ്കാർക്ക് അന്നുണ്ടായിരുന്ന അനുപാതം നിലനിർത്തുക, ഉത്തരപ്രദേശിലെ തരായി (താഴ്വര) പ്രദേശത്ത് കുടിയേറിപ്പാർത്തിട്ടുള്ള സിഖ്കാരെ ഭൂപരിധി നിയമത്തിൽനിന്ന് ഒഴിവാക്കുക എന്നീ ആവശ്യങ്ങളാണ് ഇതിൽ മുഖ്യമായും ഉന്നയിച്ചിട്ടുള്ളത്. മിതവാദം ആവശ്യമാകുമ്പോൾ ലുധിയാനാ പ്രമേയത്തെയും, ഉഗ്രവാദം ഫലപ്രദമെന്നു തോന്നുമ്പോൾ ആനന്ദ്പൂർ സാഹിബ് പ്രമേയത്തെയും ഉദ്ധരിക്കുകയാണ് അകാലി നേതൃത്വം ചെയ്തുവന്നിട്ടുള്ളത്.

(9 ജനുവരി, 1985)

## 26. 'ഞാൻ തുരങ്കം കാണുന്നുണ്ട്'

മാർച്ച് 14-ാം തീയതി വൈശാഖമാസം ആരംഭിക്കുന്നു. അന്ന് പഞ്ചാബിൽ തങ്ങളുടെ 'ധർമ്മയുദ്ധം' വീണ്ടും ആരംഭിക്കുന്നതാണെന്നു, തടങ്കലിൽനിന്നു മോചിപ്പിക്കപ്പെട്ടശേഷം അകാലിദളിന്റെ നേതാവായ സന്ത്‌ലോംഗോവാൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ യുദ്ധം അഹിംസാത്മകമായിരിക്കുമെന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും, അഹിംസാത്മകങ്ങളായ ബഹുജനപ്രകടനങ്ങളേക്കാളേറെ, മോട്ടോർസൈക്കിളിൽ പാഞ്ഞുവന്ന് യുവാക്കളായ ഭീകരപ്രവർത്തകർ യന്ത്രത്തോക്കുകൾ ഉപയോഗിച്ചു നടത്തുന്ന വ്യക്തിസംഹാരങ്ങൾ ആയിരിക്കും അതിന്റെ മുഖ്യഘടകങ്ങൾ എന്നു വിശ്വസിക്കുവാനാണ് ഇതുവരെയുള്ള അനുഭവം നമ്മെ പ്രേരിപ്പിക്കുന്നത്.

ക്ഷോഭിച്ചുയരുന്ന തിരമാലകളുടെ ഭീകരത എണ്ണയൊഴിച്ചു കുറയ്ക്കുവാൻ കപ്പൽക്കാർ ശ്രമിക്കാറുണ്ട്. അകാലികളുടെ ആവശ്യങ്ങൾ പരമാവധി അനുവദിച്ചുകൊടുത്ത്, 'ധർമയുദ്ധം' ആരംഭിക്കുന്നതിൽനിന്ന് അവരെ തടയുകയോ, അതു സാദ്ധ്യമല്ലെങ്കിൽ 'ധർമയുദ്ധ'ത്തെ നിയമവിധേയതയുടെ പരിധിയിൽ ഒതുക്കിനിർത്തുകയോ ചെയ്യാനുള്ള യത്നത്തിലാണ്